**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **05-12-2022 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ കൊലപാതകങ്ങൾ പ്രതിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2011-16 കാലയളവിൽ 36 രാഷ്ട്രീയ കൊലപാതകങ്ങളും, മുൻ സർക്കാരിന്റെ കാലത്ത് (2016-21) 29 രാഷ്ട്രീയ കൊലപാതകങ്ങളും, ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 10 രാഷ്ട്രീയ കൊലപാതകങ്ങളുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ രാഷ്ട്രീയ കൊല പാതകങ്ങൾ വർദ്ധിച്ചു വരുന്നില്ല.<br><br>രാഷ്ട്രീയഭേദമന്യെ കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചും കേസുകളുടെ അന്വേഷണം കാര്യക്ഷമമായി നടത്തിയും കാലതാമസം കൂടാതെ അന്വേഷണം പൂർത്തിയാക്കി പരമാവധി ശിക്ഷ ഉറപ്പാക്കുകയും ചെയ്യുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. . |
| (ബി) | നിരവധി രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രതികൾക്ക് ശിക്ഷാ കാലയളവിൽ അനർഹമായ ഇളവുകൾ അനുവദിച്ചതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | രാഷ്ട്രീയ കുറ്റവാളികൾക്ക് തടവ് ശിക്ഷയിൽ ഇളവ് ലഭിക്കുന്ന വിധത്തിൽ തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഇല്ല. 2012-ലെ സംസ്ഥാന പുനരേകീകരണ ദിനവുമായി ബന്ധപ്പെട്ട് തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് അനുവദിക്കുന്നതിനുള്ള മാന ദണ്ഡങ്ങൾ 29.10.2012-ലെ സ.ഉ. (കൈ) നം.268/2012/ ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചിരുന്നു.<br><br>പ്രസ്തുത മാനദണ്ഡ പ്രകാരം രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷിക്കപ്പെട്ടവർക്ക് പ്രത്യേക ശിക്ഷാ ഇളവിന് അർഹതയുണ്ട്. |

വിശേഷാവസരങ്ങളിൽ തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ 23.11.2018 തീയതിയിലെ സ.ഉ.(പി) നം.73/2018 ആഭ്യന്തരം പ്രകാരം പരിഷ്കരിക്കുകയുണ്ടായി.

ഈ ഉത്തരവിൽ ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്ന രാഷ്ട്രീയ കൊലപാതക കേസുകളിൽ ഉൾപ്പെട്ട തടവുകാരുടെ അകാല വിട്ടുതലിനാണ് വിലക്കുണ്ടായിരുന്നത്.

ക്രിമിനൽ നടപടി സംഹിതയുടെ 433 എ വകുപ്പിന്റെ പരിധിയിൽ വരുന്ന ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാർ 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കി എന്ന കാരണത്താൽ മാത്രം വിട്ടുതൽ ചെയ്യപ്പെടുന്നില്ല. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീ കരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 462 പ്രകാരം രൂപീകരിച്ചിട്ടുള്ള ജയിൽ ഉപദേശക സമിതികളുടെ ശിപാർശകൾ സർക്കാർ പരിശോധിച്ച് വിട്ടുതലിന് അർഹരെന്ന് കണ്ടെത്തിയ തടവുകാരുടെ വിട്ടുതൽ സംബന്ധിച്ച മന്ത്രിസഭാ യോഗതീരുമാനം ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം - 161 അനുസരിച്ച് ബഹു. ഗവർണർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ജീവപര്യന്തം തടവുകാരുടെ അകാലവിട്ടുതൽ അനുവദിക്കുന്നുള്ളൂ.ഇത് ഏത് തരത്തിലുള്ള കൊലപാതക കേസുകളിലും (രാഷ്ട്രീയ കൊലപാതകം ഉൾപ്പെടെ) ഉൾപ്പെട്ടവർക്ക് ബാധകമായതിനാൽ 23.11.2018- ലെ ഉത്തരവിലെ 'persons involved in political murder shall not be considered for premature release before completion of 14 years of actual imprisonment' എന്നതിന് നിലവിൽ പ്രസക്തിയില്ല.

ഈ അപാകത പരിഹരിച്ചും പരിഗണിക്കപ്പെടാത്ത വിഭാഗത്തിൽ വരുന്ന ഹീനമായ കുറ്റകൃത്യങ്ങൾ താഴെ പറയും പ്രകാരം നിർവചിച്ചുമാണ് 25.11.2022 തീയതിയിലെ സ.ഉ.(കൈ)നം.244/2022/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്.

1. Murder with rape

2. Murder with dacoity

3.Murder involving an offence under the protection of Civil Rights Act 1955.

4. Murder for dowry

| | | | |
|---|---|---|---|
| | | | 5. Multiple murder<br><br>6.Murder committed after conviction while inside the jail.<br><br>7.Murder during parole<br><br>8.Murder in a terrorist incident<br><br>9. Murder in smuggling operation<br><br>10. Offences for which death is one of the punishments under the Abkari Act.<br><br>11. Offences under section 326A and B of Indian Penal Code (voluntarily causing grievous hurt by use of acids,throwing or attempting to throw acids). |
| (ഡി) | കുറ്റവാളികൾക്ക് ശിക്ഷായിളവ് അനുവദിക്കുന്ന പ്രസ്തുത തീരുമാനം മൂലം രാഷ്ട്രീയ കൊലപാതകങ്ങൾക്കും അതിക്രമങ്ങൾക്കും പ്രോത്സാഹനം ലഭിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം റദ്ദാക്കാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയ തടവുകാരുടെ അകാലവിട്ടുതൽ പരിശോധിക്കുന്നതിനായി ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നിയമ സെക്രട്ടറി, ജയിൽ മേധാവി എന്നിവർ അംഗങ്ങളായ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുന്ന പട്ടിക പരിശോധിച്ചാണ് ഇളവ് അനുവദിക്കുന്നത് എന്നതിനാൽ അനർഹരായ ഒരാളും ഉൾപ്പെടില്ലെന്ന് ഉറപ്പാക്കാനാവും. |

സെക്ഷൻ ഓഫീസർ